**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1041** **06-10-2021 - ൽ മറുപടിയ്ക്ക്**

**മുളിയങ്ങൽ-കായണ്ണ-കൈതക്കൊല്ലി റോഡിലെ പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ് | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മുളിയങ്ങൽ-കായണ്ണ-കൈതക്കൊല്ലി റോഡിലെ റോഡ് പ്രവൃത്തി ആരംഭിക്കുന്നതിന് മുന്നോടിയായി വാട്ടർ അതോറിറ്റിയ്ക്ക് പൈപ്പ് ലൈൻ മാറ്റുന്നതിന് പൊതുമരാമത്ത് വിഭാഗം നിർദ്ദേശം നൽകിയിരുന്നോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | മുളിയങ്ങൽ - കൈതക്കൊല്ലി റോഡിന്റെ പ്രവൃത്തി നടന്നുവരുമ്പോൾ നിലവിലുള്ള കായണ്ണ ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിയുടെ പൈപ്പ് ലൈനിൽ ചോർച്ചകളുണ്ടായി. പഴകിയ പൈപ്പ് ലൈനായതിനാൽ റോഡ് പ്രവൃത്തി നടന്നുവരുമ്പോൾ പല സ്ഥലങ്ങളിലായി തുടർച്ചയായി ചോർച്ചകൾ ഉണ്ടാവുകയും, പൈപ്പ് ലൈൻ മാറ്റണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പൊതുമാരാമത്ത് വകുപ്പ് വാട്ടർ അതോറിറ്റിക്ക് നിർദ്ദേശം നൽകുകയുമുണ്ടായി. അതുപ്രകാരം നിലവിൽ തകരാറിലായ ഭാഗങ്ങളിലെ പൈപ്പ് ലൈൻ മാറ്റാനുള്ള എസ്റ്റിമേറ്റ് (27 ലക്ഷം രൂപ) പൊതു മരാമത്ത് വകുപ്പ് അസി. എക്സി. എഞ്ചിനീയർക്ക് 30.04.2021ൽ സമർപ്പിക്കുകയും ചെയ്തു. നിലവിലെ റോഡ് പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ പൈപ്പ് മാറ്റാനുള്ള തുക വകയിരുത്തിയിട്ടില്ലെന്ന് പൊതുമാരാമത്ത് വകുപ്പ് 27.05.2021ന് വാട്ടർ അതോറിറ്റിയെ അറിയിക്കുകയുമുണ്ടായി . |
| (ബി) | പ്രസ്തുത റോഡിലെ പഴക്കംചെന്ന് പൊട്ടിയ പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; | (ബി) | പ്രസ്തുത റോഡിൽ വരുന്ന 2200 മീറ്റർ പൈപ്പ് ലൈൻ, റോഡരികിലേക്ക് മാറ്റി സ്ഥാപിക്കാനായി 37 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകിയിട്ടുണ്ട്. പൈപ്പ് ലൈൻ മാറ്റിസ്ഥാപി ക്കാനായി റോഡ് റീസ്റ്റോറേഷൻ തുകയായ 20,26000/- രൂപ പൊതുമരാമത്ത് വകുപ്പിന് അടവാക്ക ണമെന്ന് 20.07.2021ന് പൊതുമരാമത്ത് വകുപ്പ് അറിയിക്കുകയുണ്ടായി. എന്നാൽ പുതിയ റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് പൈപ്പ് ലൈൻ മാറ്റുന്നത് കൊണ്ട് റോഡ് റീസ്റ്റോറേഷൻ തുക എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നില്ല. 20.09.2021 ന് എം.എൽ.എ., ജില്ലാകളക്ടർ എന്നിവരുടെ നേതൃത്വത്തിൽ നടന്ന യോഗത്തിൽ പൈപ്പ് ലൈൻ |

| | | | |
|---|---|---|---|
| | | | മാറ്റുന്ന പ്രവൃത്തിയിൽ റോഡ് റീസ്റ്റോറേഷൻ ഉൾപ്പെടുത്തി ടെണ്ടർ ചെയ്യാൻ തീരുമാനിച്ചു. എന്നാൽ റോഡ് റീസ്റ്റോറേഷൻ വാട്ടർ അതോറിറ്റി ചെയ്യുകയാണെങ്കിൽ പ്രസ്തുത ഭാഗങ്ങളിലുണ്ടാവുന്ന തകരാറുകൾക്ക് പി .ഡബ്ല്യു.ഡി. കരാറുകാരന് ഉത്തരവാദത്വം ഏറ്റെടുക്കാൻ കഴിയില്ലയെന്ന് റോഡ് കരാറുകാരൻ അറിയിച്ചതായി പൊതുമരാമത്ത് വകുപ്പ് എക്സി. എഞ്ചിനീയർ അറിയിക്കുകയുണ്ടായി. തുടർന്ന് പൊതുമരാമത്ത് വകുപ്പ് എക്സി. എഞ്ചിനീയറുമായി നടന്ന ചർച്ചയിൽ റോഡ് റീസ്റ്റോറേഷന് വരുന്ന ചെലവ് പൊതുമരാമത്ത് വകുപ്പിൽ അടക്കാൻ തീരുമാനിക്കുകയുണ്ടായി. |
| (സി) | പ്രസ്തുത ജോലികൾ എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്ന് അറിയിക്കാമോ? | (സി) | 08.10.2021 ന് നടക്കുന്ന ടെണ്ടർ ലഭിച്ച് ഒരു മാസത്തിനകം പ്രവൃത്തി പൂർത്തീകരിക്കുവാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ